പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3979 11.11.2019 ൽ മറുപടിയ്ക്ക്

# ശ്രവണ വൈകല്യമുള്ളവർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം മറുപടി

ശ്രീ.പി.ടി.എ. റഹീം കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ശ്രവണ വൈകല്യമുള്ളവർക്ക് വേണ്ടി സംസ്ഥാന് സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ളവർക്കു വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**ശ്രുതി തരംഗം പദ്ധതി**<br>സംസ്ഥാനത്ത് ശ്രവണവൈകല്യമുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ . നടത്തുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ശ്രുതിതരംഗം. സംസ്ഥാനത്തെ 5 വയസ്സ് വരെ പ്രായമുള്ള ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ടു വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണ ശേഷിയും സംസാര ശേഷിയും നേടിയെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം<br>**ധ്വനി പദ്ധതി**<br>ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചിലവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസ്സർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.<br>**കാതോരം പദ്ധതി**<br>നവജാത ശിശുക്കളുടെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കാനുള്ള സമഗ്ര പദ്ധതിയാണിത്. ഇത് അനുയാത്രയുടെ ഉപപദ്ധതിയായി നടപ്പാക്കുന്നു. |
| (ബി) ശ്രവണ വൈകല്യമുള്ളവരുടെ സ്പെഷ്യൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ പുരോഗതി വിലയിരുത്തുന്നതിന് എന്തെങ്കിലും സമിതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സമിതിയെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) സമിതി നിലവിലില്ല .ഇതിനായി പ്രത്യേക സമിതിയെ നിയോഗിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല . |

Jasmin Thomas

സെക്ഷൻ ഓഫീസർ